**മേലെഴുത്ത് നമ്പർ: DTETVM/3514/2024-EA2 (EA) തീയതി: 26.12.2024**

---

ഭരണഭാഷ സംബന്ധിച്ച നിർദേശങ്ങൾ കർശനമായി പാലിക്കുന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭ്യമാക്കിയ സർക്കുലർ ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവിമാരുടെയും അറിവിലേക്കും തുടർ നടപടികളിലേക്കുമായി സമർപ്പിക്കുന്നു.

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനമേധാവിമാർക്കും

ഡയറക്‌റേറ്റിലെ എല്ലാ കൺട്രോളിംഗ് ഓഫീസർമാർക്കും

Signed by
Shalij P R
Date: 01-01-2025 08:22:15

19/12

EA2

"ഭരണഭാഷ-മാതൃഭാഷ"

കേരളസർക്കാർ

OFFICE OF THE DIRECTOR OF TECHNICAL EDUCATION
19 DEC 2024
THIRUVANANTHAPURAM-33

നം. ഒ-എൽ-3/208/2024-പി&എആർഡി

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്

തിരുവനന്തപുരം,

തീയതി: 11-12-2024

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - ഭരണഭാഷ സംബന്ധിച്ച നിർദേശങ്ങൾ കർശനമായി പാലിക്കുന്നതു സംബന്ധിച്ച്.

സൂചന:- 1. ജി.ഒ(പി)നം. 2/2015/പി&എ ആർ ഡി തീയതി, 13.01.2015.

2. ജി.ഒ(പി)നം. 3/2015/പി&എ ആർ ഡി തീയതി, 13.01.2015.

3. ജി.ഒ(പി)നം. 6/2017/പി&എ ആർ ഡി തീയതി, 26.04.2017.

കേരളസംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വിവിധ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന ഉത്തരവുകൾപ്രകാരം, നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്നും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും മറ്റു കത്തിടപാടുകളും ഫയൽനടപടികളും റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനയ്ക്കു വിധേയമായി മലയാളത്തിലാണെന്ന് വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണെന്നും നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ, സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഉൾപ്പെടെയുള്ള സർക്കാർവകുപ്പുകളും സ്ഥാപനങ്ങളും ജനങ്ങളറിയേണ്ട പ്രധാന സർക്കാരുത്തരവുകളും നിർദേശങ്ങളും യോഗനടപടിക്കുറിപ്പുകൾപോലും മലയാളത്തിലല്ല പുറപ്പെടുവിക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂചന 1, 2 എന്നിവയിലെ നിബന്ധനകൾക്കുവിധേയമായി ഭരണരംഗത്ത് മലയാളം ഉപയോഗിക്കണമെന്നതാണ് സർക്കാർനയമെന്നിരിക്കെ, സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഉൾപ്പെടെയുള്ള സർക്കാർവകുപ്പുകളും സ്ഥാപനങ്ങളും ഔദ്യോഗികഭാഷ സംബന്ധിച്ച നിർദേശങ്ങൾ കർശനമായി പാലിക്കാത്തത് സർക്കാർ അതീവഗൗരവമായികാണുന്നു.

ഈ സാഹചര്യത്തിൽ, സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണവകുപ്പുകളും എല്ലാ വകുപ്പുതലവന്മാരും സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണസ്ഥാപന മേധാവികളും സൂചന 1, 2, 3 ഉത്തരവുകളിലെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശിക്കുന്നു.

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

എല്ലാ ജില്ലാകളക്ടർമാർക്കും/ എല്ലാ വകുപ്പുതലവന്മാർക്കും/ എല്ലാ ജില്ലാമേധാവികൾക്കും

സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല/ അർധസർക്കാർ/ സഹകരണ/

സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം

V. [signature]

സെക്ഷൻ ഓഫീസർ.